## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 994 07.02.2013-ൽ മറുപടിയ്ക്ക്

### നായാടി സമുദായത്തെ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | കുമാരി പി.കെ.ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ നായാടി സമുദായത്തെ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) നായാടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ 14.07.2010-ാം തീയതിയിലെ നം.6903/G1/10/SCSTDD കത്ത് മുഖേന കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (ബി) ഇത് സംബന്ധിച്ച് കിർത്താഡ്സ് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ അയച്ചിട്ടുണ്ടോ; പ്രസ്തുത ശുപാർശയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (ബി) കിർത്താഡ്സ് കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടില്ല. കിർത്താഡ്സിന് കേന്ദ്ര സർക്കാരിലേയ്ക്ക് നേരിട്ട് ശുപാർശ ചെയ്യുവാനുള്ള അധികാരം ഇല്ല. പ്രസ്തുത സമുദായത്തെക്കുറിച്ച് കിർത്താഡ്സ് നൽകുന്ന വിശദമായ നരവംശശാസ്ത്രപരമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരാണ് കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളത്. |
| (സി) നായാടി വിഭാഗത്തിൽപ്പെട്ട എത്ര പേർ നിലവിൽ കേരളത്തിൽ സർക്കാർ സർവ്വീസിലുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ? | (സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ